SUNDAY LIGHT
സൺഡേ ലൈറ്റ്
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തതിന് സഹായിക്കുന്ന ലഘുലേഖ

13
ആഗസ്റ്റ്
2023

## ആണ്ടുവട്ടം പത്തൊമ്പതാം ഞായർ




**മലമുകളിൽ** കയറി തനിച്ചിരുന്ന് പ്രാർത്ഥിക്കുമ്പോഴും യേശുവിന് അങ്ങകലെ പ്രക്ഷുബ്ധമായ കടലിൽ വള്ളത്തിൽ ഇരുന്ന് അസ്വസ്ഥതരാകുന്ന മനുഷ്യരുടെ മനസ്സറിയാൻ കഴിഞ്ഞു. അങ്ങനെയാണ് യേശു അവർക്കടുത്തേക്ക് എത്തുന്നത്. പ്രാർത്ഥിക്കുന്നവർക്കാണ് മറ്റുള്ളവരെ സഹായിക്കുന്ന പ്രവർത്തനത്തിലേർപ്പെടാനാവുക. മലയിൽ പ്രാർത്ഥിക്കുന്ന യേശു നിലാവെട്ടത്ത് കടലിൽ കാറ്റിനോട് മല്ലിടുന്ന തന്റെ സ്നേഹിതരെ കണ്ട് മലയിറങ്ങി കടലിലൂടെ നടന്ന് വള്ളത്തിനടുത്തെത്തി എന്നൊരു വ്യാഖ്യാനമുണ്ട് ഈ സുവിശേഷ ഭാഗത്തിന്. യേശുവിന്റെ ഒരത്ഭുത പ്രവർത്തനമായും ഈ വചനഭാഗത്തെ വ്യാഖ്യാനിക്കാറുണ്ട്. ഈ രണ്ടു വ്യാഖ്യാനത്തിലേതെടുത്താലും ഒന്നുറപ്പാണ്, മനുഷ്യന്റെ നിലവിളികൾ കർത്താവ് കേൾക്കുന്നുണ്ട്, അവരുടെ കഷ്ടപ്പാടുകൾ അവൻ കാണുന്നുണ്ട്. മനുഷ്യന്റെ രക്ഷയ്ക്കു വേണ്ടി പ്രതികൂല സാഹചര്യങ്ങളിലും ആരുമെത്തിപ്പെടാൻ സാധ്യതയില്ലാത്ത സന്ദർഭത്തിലും കർത്താവ് അടുത്തെത്തും. കർത്താവിന്റെ സാന്നിദ്ധ്യം ഭൂതത്തിന്റേതായി ശിഷ്യന്മാർ തെറ്റിദ്ധരിച്ചതു പോലെയോ പത്രോസിന് വിശ്വാസ കുറവുണ്ടായതു പോലെയോ നമുക്ക് സംഭവിക്കരുത്. കർത്താവടുത്തെത്തുമ്പോൾ അവിടുത്തെ തിരിച്ചറിയാനും അചഞ്ചലമായ വിശ്വാസത്തോടെ അവിടുത്തെ സമീപിക്കാനും നമുക്കാകണം. ●

## ആമുഖം

ഇന്നത്തെ സുവിശേഷം നമ്മുടെ മുന്നിലേക്ക് വയ്ക്കുന്ന ക്രിസ്തുവിന്റെ ചിത്രം. ഏതു നേരത്തും നിന്നിലേക്ക് കടന്നുവരുന്ന രക്ഷകനായ ദൈവത്തിന്റെ ഓർമ്മയാണ്. നീ ഒറ്റയ്ക്കാണ് എന്ന് തോന്നുന്ന ഇടങ്ങളിലൊക്കെ അവന്റെ സാന്നിധ്യമുണ്ട്. നിന്റെ വേദനകൾക്ക് നിന്റെ നൊമ്പരങ്ങൾക്ക് നിന്റെ നിലവിളികൾക്ക് അവൻ ഉത്തരമായിട്ട് വരുന്നുണ്ട്. ഒറ്റ കാര്യം മാത്രം നീ ചെയ്യുക അവനിൽ വിശ്വസിക്കുക അവനെ നിന്റെ ജീവിത നൗകയിലേക്കു പ്രവേശിപ്പിക്കുക. കാറ്റും കോളും അടിക്കുന്ന നമ്മുടെ ജീവിതങ്ങളെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് അവയെല്ലാം മാറ്റി ശാന്തത നൽകുവാൻ, സമാധാനം സ്വീകരിക്കാൻ ഈ ബലിയിൽ പ്രാർത്ഥിക്കാം.

## ഒന്നാം വായന

**രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ നിന്ന്**

(19:9,11–13)

*(നീ ചെന്ന് മലയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുക.)*

അക്കാലത്ത്, ഏലിയാ ദൈവത്തിന്റെ മലയായ ഹൊറെബിലെത്തി ഒരു ഗുഹയിൽ വസിച്ചു. അവിടെവച്ച് കർത്താവിന്റെ സ്വരം അവൻ ശ്രവിച്ചു: നീ ചെന്ന് മലയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുക, അവിടുന്ന് അരുളിച്ചെയ്തു. കർത്താവു കടന്നുപോയി. അവിടുത്തെ മുൻപിൽ മലകൾ പിളർന്നും പാറകൾ തകർത്തും കൊണ്ടു കൊടുങ്കാറ്റടിച്ചു; കൊടുങ്കാറ്റിൽ കർത്താവില്ലായിരുന്നു. കാറ്റുകഴിഞ്ഞു ഭൂകമ്പമുണ്ടായി. ഭൂകമ്പത്തിലും കർത്താവില്ലായിരുന്നു. ഭൂകമ്പത്തിനു ശേഷം അഗ്നിയുണ്ടായി. അഗ്നിയിലും കർത്താവില്ലായിരുന്നു. അഗ്നി അടങ്ങിയപ്പോൾ ഒരു മൃദുസ്വരം കേട്ടു. അപ്പോൾ ഏലിയാ മേലങ്കികൊണ്ടു മുഖം മറച്ചു, പുറത്തേക്കുവന്ന്, ഗുഹാമുഖത്തു നിന്നു.

കർത്താവിന്റെ വചനം

## പ്രതിവചന സങ്കീർത്തനം

(85:8,9,1011,1213)

**കർത്താവേ, അങ്ങയുടെ കാരുണ്യം ഞങ്ങളിൽ ചൊരിയണമേ.**

കർത്താവായ ദൈവം അരുളിച്ചെയ്യുന്നതു ഞാൻ കേൾക്കും; അവിടുന്നു തന്റെ ജനത്തിനു സമാധാനം അരുളും; ഹൃദയപൂർവം തന്നിലേക്കു തിരിയുന്ന തന്റെ വിശുദ്ധർക്കുതന്നെ.

**കർത്താവേ, അങ്ങയുടെ......**

കാരുണ്യവും വിശ്വസ്തതയും തമ്മിൽ ആശ്ലേഷിക്കും; നീതിയും സമാധാനവും പരസ്പരം ചുംബിക്കും. ഭൂമിയിൽ വിശ്വസ്തത മുളയെടുക്കും; നീതി ആകാശത്തു നിന്നു ഭൂമിയെ കടാക്ഷിക്കും.

**കർത്താവേ, അങ്ങയുടെ......**

കർത്താവു നന്മ പ്രദാനം ചെയ്യും; നമ്മുടെ ദേശം സമൃദ്ധമായി വിളവു നൽകും. നീതി അവിടുത്തെ മുൻപിൽ നടന്ന് അവിടുത്തേക്കു വഴിയൊരുക്കും.

**കർത്താവേ, അങ്ങയുടെ......**

## രണ്ടാം വായന

**വി. പൗലോസ് അപ്പസ്തോലൻ റോമാക്കാർക്ക് എഴുതിയ ലേഖനത്തിൽനിന്ന്** (9:1–5)

*(എന്റെ സഹോദരരെപ്രതി ശപിക്കപ്പെട്ടവനാകാൻ പോലും ഞാൻ ആഗ്രഹിക്കുന്നു.)*

സഹോദരരേ, ഞാൻ ക്രിസ്തുവിനെ മുൻനിർത്തി സത്യം പറയുന്നു; വ്യാജംപറയുകയല്ല. എന്റെ മനസ്സാക്ഷിയും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായി എനിക്കു സാക്ഷ്യം നൽകുന്നു. എനിക്കു ദുഃഖവും ഹൃദയത്തിൽ അടങ്ങാത്ത വേദനയുമു്. വംശമുറയനുസരിച്ചു തന്നെ എനിക്കുറ്റവരായ സഹോദരങ്ങൾക്ക് ഉപകരിക്കുമെങ്കിൽ ശപിക്കപ്പെട്ടവനും ക്രിസ്തുവിൽ നിന്നു വിച്ഛേദിക്കപ്പെട്ടവനുമാകാൻ ഞാൻ ആഗ്രഹിക്കുന്നു. അവർ ഇസ്രായേൽ മക്കളാണ്. പുത്രസ്ഥാനവും മ

ഹത്വവും ഉടമ്പടികളും നിയമത്തിന്റെ അവകാശവും ശുശ്രൂഷയും വാഗ്ദാനങ്ങളും അവരുടേതാണ്. പൂര്‍വപിതാക്കന്മാരും അവരുടേത്; ക്രിസ്തുവും വംശമുറയ്ക്ക് അവരില്‍ നിന്നുള്ളവന്‍തന്നെ. അവന്‍ സര്‍വാധിപനായ ദൈവവും എന്നേക്കും വാഴ്ത്തപ്പെട്ടവനുമാണ്, ആമേന്‍.

കര്‍ത്താവിന്റെ വചനം

## അല്ലേലൂയാ

അല്ലേലൂയാ! കര്‍ത്താവിനെ ഞാന്‍ കാത്തിരിക്കുന്നു. അവിടത്തെ വാഗ്ദാനത്തില്‍ ഞാന്‍ പ്രത്യാശയര്‍പ്പിക്കുന്നു.
അല്ലേലൂയാ!

## സുവിശേഷം



*അവന്‍ നിലവിളിച്ചുപറഞ്ഞു: കര്‍ത്താവേ, രക്ഷിക്കണേ! ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചു*

**മത്തായിയുടെ വി. സുവിശേഷത്തില്‍ നിന്നുള്ള വായന** (14:22-33)

*(ജലത്തിനുമീതേകൂടി അങ്ങേ അടുത്തേക്കു വരാന്‍ കല്‍പിക്കുക.)*

ജനസഞ്ചയത്തെ പിരിച്ചുവിടുമ്പോഴേക്കും തനിക്കുമുമ്പേ വഞ്ചിയില്‍ കയറി മറുകരയ്ക്കു പോകാന്‍ യേശു ശിഷ്യന്മാരെ നിര്‍ബന്ധിച്ചു. അവന്‍ ജനക്കൂട്ടത്തെ പിരിച്ചുവിട്ടതിനുശേഷം ഏകാന്തതയില്‍ പ്രാര്‍ഥിക്കാന്‍ മലയിലേക്കുകയറി. രാത്രിയായപ്പോഴും അവന്‍ അവിടെ തനിച്ച് ആയിരുന്നു. ഇതിനിടെ വഞ്ചി കരയില്‍ നിന്ന് ഏറെദൂരം അകന്നു കഴിഞ്ഞിരുന്നു. കാറ്റ് പ്രതികൂലമായിരുന്നതിനാല്‍ തിരമാലകളില്‍പ്പെട്ട് അതു വല്ലാതെ ഉലഞ്ഞു. രാത്രിയുടെ നാലാം യാമത്തില്‍ അവന്‍ കടലിന്‍ മീതേ നടന്ന് അവരുടെ അടുത്തേക്കു ചെന്നു. അവന്‍ കടലിനുമീതേ നടക്കുന്നതുകണ്ട് ശിഷ്യന്മാര്‍ പരിഭ്രാന്തരായി, ഇതാ, ഭൂതം എന്നുപറഞ്ഞ്, ഭയംനിമിത്തം നിലവിളിച്ചു. ഉടനെ അവന്‍ അവരോടു സംസാരിച്ചു: ധൈര്യമായിരിക്കുവിന്‍, ഞാനാണ്, ഭയപ്പെടേണ്ടാ. പത്രോസ് അവനോടു പറഞ്ഞു: കര്‍ത്താവേ, അങ്ങാണെങ്കില്‍ ഞാന്‍ ജലത്തിനുമീതേകൂടി അങ്ങേ അടുത്തേക്കു വരാന്‍ കല്‍പിക്കുക. വരൂ, അവന്‍ പറഞ്ഞു. പത്രോസ് വഞ്ചിയില്‍ നിന്നിറങ്ങി വെള്ളത്തിനു മുകളിലൂടെ യേശുവിന്റെ അടുത്തേക്കു നടന്നുചെന്നു. എന്നാല്‍, കാറ്റ് ആഞ്ഞടിക്കുന്നതുകണ്ട് അവന്‍ ഭയന്നു. ജലത്തില്‍ മുങ്ങിത്താഴാന്‍ തുടങ്ങിയപ്പോള്‍ അവന്‍ നിലവിളിച്ചുപറഞ്ഞു: കര്‍ത്താവേ, രക്ഷിക്കണേ! ഉടനെ യേശു കൈനീട്ടി അവനെ പിടിച്ചുകൊണ്ടു പറഞ്ഞു: അല്‍പ വിശ്വാസീ, നീ സംശയിച്ചതെന്ത്? അവര്‍ വഞ്ചിയില്‍ കയറിയപ്പോള്‍ കാറ്റു ശമിച്ചു. വഞ്ചിയിലുണ്ടായിരുന്നവര്‍ അവനെ ആരാധിച്ചുകൊണ്ട് സത്യമായും നീ ദൈവപുത്രനാണ് എന്നുപറഞ്ഞു.

കര്‍ത്താവിന്റെ സുവിശേഷം

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ:** പ്രിയ സഹോദരരേ, നമ്മെ ചേർത്തു പിടിക്കാനും സംരക്ഷിക്കാനുമായി നമ്മുടെ അടുത്തേക്ക് വരുന്ന ദൈവത്തിന്റെ മുമ്പിൽ നമ്മുടെ എളിയ പ്രാർത്ഥനകൾ സമർപ്പിക്കാം.

1. സർവ്വാധിപനായ ദൈവമേ, ആഗോള കത്തോലിക്കാ സഭയെ നയിക്കുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും രൂപതാധ്യക്ഷൻ............................. പിതാവിനെയും എല്ലാ വൈദീകരെയും സന്യസ്തരെയും ഈ അൾത്താരയിൽ സമർപ്പിക്കുന്നു. സഭ നേരിടുന്ന വെല്ലുവിളികളേയും എതിർപ്പുകളേയും സധൈര്യം നേരിടുവാനുള്ള കൃപയും പരിശുദ്ധാത്മ ശക്തിയും നൽകി അവരെ അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. നീതി പാലകനായ ദൈവമേ, രാജ്യത്ത് ജനങ്ങൾ നേരിടുന്ന തൊഴിലില്ലായ്മയെയും മാനസീക സമ്മർദങ്ങളേയും ഈ അൾത്താരയിൽ ചേർത്തുവെയ്ക്കുന്നു. ഭരണകർത്താക്കൾ ജനനന്മയ്ക്കായ് വർത്തിക്കുവാൻ വേണ്ട വിവേകവും ജ്ഞാനവും നൽകി അനുഗ്രഹിക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. പിതാവായ ദൈവമേ, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടു ജീവിക്കുന്ന യുവതി യുവാക്കളെ സമർപ്പിക്കുന്നു. ദുർമാർഗ്ഗങ്ങൾ വെടിഞ്ഞു ആത്മാവ് പ്രചോദിപ്പിക്കുന്ന വഴിയിലൂടെ നടക്കുവാനും ശരീരത്തിന്റെ ആസക്തികളെ ഇല്ലാതാക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ വരദാനങ്ങളാൽ നിറയപ്പെടുവാനും ഇടയാക്കണമെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സ്നേഹ പിതാവായ ദൈവമേ, സഭയുടെ ഉന്നമനത്തിനായും ദൈവ വചന പ്രഘോഷണത്തിനായും ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന എല്ലാ ഭക്ത സംഘടനകളെയും യുവജന സംഘടനകളെയും മതാധ്യാപകരെയും സമർപ്പിക്കുന്നു. സഭയിൽ വിശ്വാസം കാത്തുസൂക്ഷിക്കുവാനും ജീവിത മാതൃകയിലൂടെയും നിസ്വാർത്ഥ സേവനത്തിലൂടെയും മറ്റുള്ളവർക്കായി മുറിയപ്പെടാൻ ഇവരെടുക്കുന്ന ത്യാഗങ്ങളെയും അനുഗ്രഹിക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. നീതിമാനായ ദൈവമേ സഭയിൽ നിസ്തുല സേവനം ചെയ്ത് കടന്നുപോയിട്ടുള്ള എല്ലാ മരിച്ച വിശ്വാസികൾക്കായും പ്രാർത്ഥിക്കുന്നു അവരുടെ കുറവുകളെ പരിഗണിക്കാതെ അങ്ങേ കരുണയാൽ അവരെ നിറച്ച് സ്വർഗ സൗഭാഗ്യത്തിന് അർഹരാക്കണമേയെന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമികൻ:** നിത്യനായ ദൈവമേ, എന്നും അങ്ങിൽ മാത്രം ചേർന്നുനിന്നുകൊണ്ട് ജീവിതത്തിൽ ഉണ്ടാകുന്ന എല്ലാ പ്രശ്നങ്ങളെയും അതിജീവിക്കുവാൻ വേണ്ട ബലം ഞങ്ങൾക്ക് നൽകേണമേ. ഞങ്ങളുടെ കർത്താവായ.......

KERALAVANI
MEDIA COMMISSION • ARCHDIOCESE OF VERAPOLY
I.S. PRESS ROAD, ERNAKULAM, PH. 6285610318

സാമൂഹികപരവും സഭാപരവുമായ കൂടുതൽ വാർത്തകളും വീഡിയോകൾക്കും കേരളവാണി യൂട്യൂബ് ചാനൽ Subscribe ചെയ്യുക.